കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ മുളയം വില്ലേജിൽ 50 സെന്റ് സർക്കാർ വക ഭൂമിയിൽ സ്വകാര്യ ഏജൻസി വീട് വച്ച് നൽകുന്നതിന് സ്ഥലം സജ്ജീകരിക്കുന്നതിനും റീട്ടെയിനിംഗ് വാൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള എസ്റ്റിമേറ്റുകൾ അംഗീകരിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (എം.എസ്.) നം. **161/2019/റവ.** തിരുവനന്തപുരം, തീയതി, 01.06.2019.

==========================================

പരാമർശം:- തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.01.2019-ലെ കെ.1-1268/2018 നമ്പർ കത്ത്.

**ഉത്തരവ്**

പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ മുളയം വില്ലേജിൽ സർക്കാർ ഭൂമിയിൽ 16 വീടുകൾ (50 സെന്റ് ഭൂമിയിൽ) നിർമ്മിച്ചു നൽകുന്നതിന് ഫൈസൽ & ഷബാന ഫൗണ്ടേഷൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പുറമ്പോക്കിലുള്ളവരുടേയും ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെയുമാണ് ഇവിടെ പുനരധിവസിപ്പിക്കുന്നത്. സ്വകാര്യ ഏജൻസി വീട് വച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി Road drain, levelling, Retaining wall എന്നിവയുടെ നിർമ്മാണത്തിനായി 7 ലക്ഷത്തിന്റേയും 13 ലക്ഷത്തിന്റേയും രൂപയുടെ എസ്റ്റിമേറ്റുകൾ നടത്തറ ഗ്രാമപഞ്ചായത്ത് LSGD വിഭാഗം തയ്യാറാക്കി സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ മുളയം വില്ലേജിൽ സർക്കാർ ഭൂമിയിൽ 16 വീടുകൾ നിർമ്മിക്കുന്നതിന് സ്ഥലം സജ്ജീകരിക്കുന്നതിനായി സമർപ്പിച്ച 7 ലക്ഷം രൂപയുടേയും 13 ലക്ഷം രൂപയുടേയും ആകെ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ അംഗീകരിച്ചും ആകെ 20 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു,

3 വിതരണത്തിനാവശ്യമായി വരുന്ന 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ബന്ധപ്പെട്ടവർക്ക് വിതരണം

...2/-

ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.